8. കാട്ടാനകൾക്ക് വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ജലത്തിനായി ജനവാസ കേന്ദ്രങ്ങളിലേക്ക് ഇറങ്ങാതിരിക്കുന്നതിനുമായി കല്പറ്റ റെയിഞ്ചിലും മേപ്പാടി റെയിഞ്ചിലുമായി 5 ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുണ്ട്.

9. 2014-15 സാമ്പത്തിക വർഷത്തിൽ കല്പറ്റ നിയോജക മണ്ഡലത്തിലെ കല്പറ്റ, മേപ്പാടി റെയിഞ്ചുകളിലെ വിവിധ സ്ഥലങ്ങളിൽ 16.25 കി.മീ. നീളം വരുന്ന സോളാർ പവർ ഫെൻസിംഗിന്റെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്.

(ബി) ചെലവഴിച്ച തുകയെ സംബന്ധിച്ചുള്ള ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

പ്രതിരോധ പ്രവർത്തനങ്ങൾ	തുക
സോളാർ പവർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ നടത്തുന്നതിന്	2,84,982 രൂപ
വന്യമൃഗങ്ങളെ കാട്ടിലേക്ക് തുരത്തി വിടുന്നതിനായി വാച്ചർമാരെ നിയോഗിച്ചതിന്	2,57,027 "
ആനകളെ തുരത്തുന്നതിനായി എലിഫന്റ് സ്റ്റാറിംഗ് സൗണ്ട് എക്യുപ്മെന്റും പടക്കവും വാങ്ങിയതിന്.	20,670 "

(സി) കല്പറ്റ നിയോജക മണ്ഡലത്തിലെ കല്പറ്റ, മേപ്പാടി റെയിഞ്ചുകളിലായി നടപ്പു സാമ്പത്തിക വർഷത്തിൽ NABARD-RIDF-XVII പദ്ധതിയിൽ ഉൾപ്പെടുത്തി 6.2 കി.മീ. ദൂരം പവർ ഫെൻസിംഗ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന് 20,91,000 രൂപ അടങ്കലിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ പ്രസ്തുത റെയിഞ്ചുകളിലായി 21.45 കി.മീ. ദൂരം പവർ ഫെൻസിംഗ് നിർമ്മിക്കുന്നതിന് 46,90,000 രൂപയുടെ അടങ്കൽ കഴിഞ്ഞ സാമ്പത്തിക വർഷം അംഗീകരിച്ചിട്ടുള്ളതും നടപ്പ് സാമ്പത്തിക വർഷം ടി പ്രവർത്തികൾ ആരംഭിക്കുന്നതുമാണ്.

കാലാവസ്ഥ വ്യതിയാനം

245 (1950) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥ വ്യതിയാനംമൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നതിനായി കർമ്മ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എത്ര തുക അനുവദിച്ചു ; വിശദമാക്കുമോ ;

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി (SAPCC) തയ്യാറാക്കി കേന്ദ്ര വനവും പരിസ്ഥിതിയും കാലാവസ്ഥാ വ്യതിയാനവും മന്ത്രാലയത്തിന് സമർപ്പിച്ചു. ഈ പദ്ധതിക്ക് 2014 ജൂലൈയിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. മൊത്തം 1170.4 കോടി രൂപയുടെ 5 വർഷത്തെ കർമ്മ പദ്ധതിയിൽ കൃഷി, മൃഗസംരക്ഷണം, മത്സ്യ സമ്പത്തും തീരദേശ ആവാസ വ്യവസ്ഥയും, വനം, ജൈവ വൈവിദ്ധ്യവും ജലവിഭവവും, ആരോഗ്യം, ഊർജ്ജം, നഗരാഭിമുഖ്യവും ഗതാഗത കാര്യവും, വിനോദ സഞ്ചാരം എന്നീ മേഖലകളിലായി 127 പദ്ധതികളാണ് കേരളത്തിലെ കാലാവസ്ഥാ വ്യതിയാനം ലഘൂകരിക്കുവാനും നേരിടാനുംവേണ്ടി നടപ്പാക്കാൻ കണ്ടെത്തിയിട്ടുള്ളത്. കേരളത്തിൽ കാലാവസ്ഥാ വ്യതിയാനംമൂലം മേൽ പറഞ്ഞ 9 മേഖലകളിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് വിലയിരുത്തപ്പെട്ടതിനാൽ അവ ലഘൂകരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് കർമ്മ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(ബി) ഉണ്ട്. ഈ കർമ്മ പദ്ധതിക്ക് അഞ്ചു വർഷത്തെ പ്രതീക്ഷിക്കുന്ന തുക 1170.4 കോടി രൂപയാണ്. 2014-15 വർഷത്തിൽ 3 കോടി രൂപ ബഡ്ജറ്റിൽ (100% കേന്ദ്രാവിഷ്കൃതം) വകയിരുത്തിയെങ്കിലും തുക ചെലവഴിച്ചിട്ടില്ല.

(സി) കേരളമുൾപ്പെടെ 6 സംസ്ഥാനങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിന് U.K സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡവലപ്പ്മെന്റ് (DFID) 12 ദശലക്ഷം ഡോളർ ധനസഹായം നൽകാമെന്ന് കേന്ദ്രസർക്കാരുമായി ധാരണയുണ്ട്. ഈ പദ്ധതി നടപ്പാക്കാൻ കേരള സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. 2014 നവംബർ മാസത്തിലും 2015 ജൂൺ മാസത്തിലും ഈ വകുപ്പുകളെ ഉൾപ്പെടുത്തി "Stake Holders Workshop" സംഘടിപ്പിക്കുകയുണ്ടായി. ഡിപ്പാർട്ട്മെന്റ് ഫോർ ഇന്റർനാഷണൽ ഡവലപ്പ്മെന്റിന്റെ (DFID) വിദഗ്ദ്ധർ പങ്കെടുത്ത് സാങ്കേതിക വശങ്ങൾ വിശദീകരിക്കുകയുണ്ടായി. ഈ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ തുടർ നടപടികളുടെ ഏകോപനം നോഡൽ ഏജൻസിയായ ഡയറക്ടറേറ്റ് ഓഫ് എൻവയോൺമെന്റ് ആന്റ് ക്ലൈമറ്റ് ചേഞ്ച് നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly